(ബി) അതിൽ എത്ര കേസുകൾ തീർപ്പ് കൽപ്പിച്ചു ;

(സി) അതിൻപ്രകാരം സർക്കാർ തലത്തിൽ ശിക്ഷണ നടപടികൾക്ക് വിധേയരായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും അവരുടെ തസ്തികകൾ ഏതൊക്കെയാണെന്നും അവരിൽ ആരൊക്കെ ഇപ്പോഴും സർക്കാർ സർവ്വീസിൽ തുടരുന്നു എന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

പുരുഷ സ്വയംസഹായ സംഘങ്ങൾ

123. [890] ശ്രീ. എം.എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനാതിർത്തികൾക്കുള്ളിൽ പ്രവർത്തിച്ചുവരുന്ന വനിതാ സ്വയം സഹായസംഘങ്ങൾക്ക് ത്രിതല പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതുപോലെ ഇപ്പോൾ രൂപീകരിച്ചു വരുന്ന പുരുഷ സ്വയംസഹായ സംഘങ്ങൾക്കും ആനുകൂല്യങ്ങൾ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം കൂടെ പരിഗണിക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉദ്ദേശിക്കുന്നില്ല.

സി.എച്ച്. സ്മാരകം

124. [891] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ സി.എച്ച്. സ്മാരക നിർമ്മാണത്തിനായി അനുവദിച്ച സ്ഥലത്ത് സി.എച്ച്. സെന്റർ എന്ന പേരിൽ വ്യാപാര സമുച്ചയം നിർമ്മിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) സി.എച്ച്. സ്മാരകം പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടാൻ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്ന് ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സി.എച്ച്. സ്മാരകം സി.എച്ച്. സെന്റർ എന്നാക്കി മാറ്റാനുള്ള ഫൗണ്ടേഷന്റെ നീക്കത്തെ സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ എന്തെങ്കിലും അഭിപ്രായം സർക്കാരിനെ അറിയിച്ചുവോ ; എങ്കിൽ നഗരസഭയുടെ അഭിപ്രായം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 9-3-2005-ലെ ജി.ഒ.(ആർ.റ്റി) 899/05 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദിഷ്ട സ്ഥലത്തെ അസംബ്ളി കാറ്റഗറിയിൽപ്പെടുന്ന നാല് നിലയുള്ള എഡ്യൂക്കേഷണൽ, ലൈബ്രറി, റിസർച്ച് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിനാണ് സർക്കാർ മേഖലാ നിയന്ത്രണത്തിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളത്. നിർദ്ധിഷ്ട നിർമ്മാണം അസംബ്ളി കാറ്റഗറിയിൽ ഉൾപ്പെട്ടതാണെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് തിരുവനന്തപുരം നഗരസഭ കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളത്.

(ഡി) ഇല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എ.ഡി.ബി. വായ്പ

125. [892] ശ്രീ. കെ.പി. രാജേന്ദ്രൻ :
,, എൻ. രാജൻ :
,, പി.എസ്. സുപാൽ :
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി എ.ഡി.ബി.യിൽ നിന്ന് വായ്പ എടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) കേരളത്തിലെ 5 കോർപ്പറേഷനുകൾ എ.ഡി.ബി.യിൽ നിന്നും, സുസ്ഥിര നഗര വികസന പദ്ധതികൾക്കായി വായ്പ വാങ്ങുന്നതിന് സംസ്ഥാന ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ ;

(സി) കോർപ്പറേഷനുകളും എ.ഡി.ബി.യും തമ്മിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും ധാരണാപത്രങ്ങളിൽ ഒപ്പു വെച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ധാരണാപത്രങ്ങളിലെ വ്യവസ്ഥകൾ, നിബന്ധനകൾ, നിർദ്ദേശങ്ങൾ, ഉപദേശങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly